LIBRARY ARCHIVES Kerala Legislative Assembly

നീര ഉൽപ്പാദനവും വിതരണവും

149 (1563) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപ്പാദനത്തിലും വിതരണത്തിലും കാലതാമസം നേരിടുന്നത് കേര കർഷകരെ ആശങ്കയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നീര ഉൽപ്പാദനവും വിതരണവും കാര്യക്ഷമമാകാത്തത് കൃഷി വകുപ്പും നാളികേര ബോർഡും തമ്മിലുള്ള തർക്കംമൂലമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രശ്നങ്ങൾ പരിഹരിച്ച് നീര ഉൽപ്പാദനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) നീര ഉൽപ്പാദനത്തിലും വിതരണത്തിലും കൃഷി വകുപ്പും നാളീകേര ബോർഡും തമ്മിൽ തർക്കങ്ങളൊന്നും നിലവിലില്ല. കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിതരണവും സാർവത്രികമാക്കുന്നതിലേക്ക് തെങ്ങ്കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കാർഷിക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നിവയാണ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

നീരയുടെ വിപണനം

150 (1564) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയുടെ വിപണനം വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) കേര കർഷകർക്ക് നീര വിൽപ്പനയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ ;

(സി) നീര ഉൽപ്പാദനത്തിനായി രൂപീകരിച്ച സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേരുവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) നാളികേര വികസന കോർപ്പറേഷൻ തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂർ, എറണാകുളം ജില്ലയിലെ വൈറ്റില എന്നിവിടങ്ങളിലെ വിൽപ്പന കേന്ദ്രങ്ങൾ മുഖേനയും നീര വിപണനം നടത്തുന്നുണ്ട്. എല്ലാ ജില്ലാകേന്ദ്രങ്ങളിലും നീര വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നാളികേര കർഷകരുടെ കൂട്ടായ്മയിലൂടെ നീര ഉൽപ്പാദക സംഘങ്ങൾ രൂപീകരിച്ച് കർഷകരിൽ നിന്നും നേരിട്ട് നീര ശേഖരിക്കുന്നതിനുള്ള പദ്ധതി നാളികേര വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഒരു തെങ്ങിൽ നിന്നും ശരാശരി 1500 രൂപ പ്രതിമാസ വരുമാനം ലഭിക്കും.

(സി) നാളികേര വികസന കോർപ്പറേഷൻ നീര ഉൽപ്പാദനത്തിനായി കോഴിക്കോട് ജില്ലയിൽ കുരാച്ചുണ്ട്, തലക്കുളത്തൂർ, മലപ്പുറം ജില്ലയിൽ പുൽപ്പറ്റ പഞ്ചായത്ത്, പാലക്കാട് ജില്ലയിൽ പട്ടഞ്ചേരി, കാസർഗോഡ് ജില്ലയിൽ പീലിക്കോട് എന്നിവിടങ്ങളിലായി അഞ്ച് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

നീരയുടെ വിപണി വിപുലനം

151 (1565) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീരയുടെ വിപണി വിപുലമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ നീര വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിന് ഉടൻ നടപടി സ്വീകരിക്കുമോ ;

(സി) കേര കർഷകരിൽ നിന്നും നീരയുടെ സംഭരണത്തിന് സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly